ലിഫ്റ്റ് ഇറിഗേഷൻ.

* 690. [49] ശ്രീ. പി. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലിഫ്റ്റ് ഇറിഗേഷൻ നടക്കുന്ന സ്ഥലങ്ങളിൽ സാധാരണയായി ഏക്കറിന് എന്തുവീതമാണ് ജലനികുതി ഈടാക്കുന്നത് ;

(ബി) തൃശ്ശൂർ താലൂക്കിൽ മനയ്ക്കം, കൊഴക്കുള്ളി വില്ലേജുകളിൽ ഏക്കറിന് 25 ക. വീതം ജലനികുതി പിരിക്കുന്നതിന്റെ അടിസ്ഥാനമെന്താണ് ;

(സി) ജലനികുതി എല്ലായിടത്തും സമീകരിക്കാൻ നടപടി എടുക്കുമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ, ബി, സി) ലിഫ്റ്റ് ഇറിഗേഷൻ മൂലം പ്രയോജനം സിദ്ധിക്കുന്ന സ്ഥലങ്ങളിൽ ഏക്കറിന് 25 രൂപ എന്ന നിരക്കിലാണ് ജലനികുതി ചുമത്തിയിരിക്കുന്നത്. ഇപ്പോൾ സംസ്ഥാനത്തെ യാതൊരു പ്രദേശത്തും ഇതിനു വ്യത്യസ്തമായ ഒരു നിരക്ക് ചുമത്തിയിട്ടില്ല.

ഈ നിരക്ക് കൂടുതലാണെന്നു കാണിച്ചു കർഷകരിൽനിന്നും, പൊതുജനപ്രതിനിധികളിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നികുതി കുറയ്ക്കുന്ന കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. ഇതുസംബന്ധിച്ച് ഒരു തീരുമാനം എടുക്കുന്നതുവരെ കരം പിരിവ് നിറുത്തിവച്ചിട്ടുണ്ട്.

UNSTARRED QUESTIONS AND ANSWERS.

ടാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലെ സ്ഥിരപ്പെടുത്തലുകൾ.

338. [3] ശ്രീ. പി. ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ടാൻസ്പോർട്ട് സമരത്തോടനുബന്ധിച്ച് സസ്പെൻഡ് ചെയ്ത തൊഴിലാളികളുടെ ഒഴിവുകളിൽ ജോലിക്കെടുത്ത തൊഴിലാളികളെ മറ്റുള്ളവരോടൊപ്പം സകല ആനുകൂല്യങ്ങളും ലഭിക്കത്തക്കവിധം സ്ഥിരപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ബി) ടാൻസ്പോർട്ട് എൻക്വയറി കമ്മീഷൻ റിപ്പോർട്ട് പൂർത്തിയായിട്ടുണ്ടോ ;

(സി) കമ്മീഷന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ?

ഉത്തരം.

(എ) ടാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലെ ജോലിക്കാർ പണിമുടക്കുകാലത്ത് ജോലിക്കു ഹാജരാകാതിരുന്നതുകൊണ്ട് കുറച്ചുപേരെ അക്കാലത്തേക്ക് വെളിയിൽനിന്നും റിക്രൂട്ടുചെയ്തിരുന്നു. ഇതിൽനിന്നും 100 കണ്ടക്ടറന്മാരെയും, 25 ഡ്രൈവറന്മാരെയും, 15 മെക്കാനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

കളെയും ഡിപ്പാർട്ടുമെൻറിൽ നിയമിക്കുന്നതിനു് പബ്ലിക്കു് സർവ്വീസു് കമ്മീഷൻ ശുപാർശചെയ്യിട്ടുണ്ടു്. ഡിപ്പാർട്ടുമെൻറിൽ ഉണ്ടാകുന്ന ഒഴിവനുസരിച്ചു് ഇവരെ നിയമിക്കുന്നതാണു്.

(ബി) ഇല്ല.

(സി) ഉണ്ടു്.

ജലസേചനപദ്ധതികളിലെ വെട്ടിച്ചുരുക്കൽ.

339. [33] ശ്രീ. പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാലാംപഞ്ചവത്സരപദ്ധതിയിൽപ്പെട്ട ജലസേചനപദ്ധതികളുടെ പണി നിശ്ചിത സമയത്തിനുള്ളിൽ തീർക്കുവാൻ സാധിക്കുമോ ;

(ബി) നിശ്ചിത സമയത്തിനു മുമ്പായി പണികൾ തീർക്കുന്നതിനു വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) പീച്ചി പദ്ധതിയുടെ പണികൾ എന്നത്തേക്കു് പൂർത്തിയാകും ;

(ഡി) പീച്ചി പദ്ധതിയുടെ Original Scheme-ൽ ഉണ്ടായിരുന്ന ഏതെങ്കിലും പദ്ധതികൾ വെട്ടിച്ചുരുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തുകാരണത്താൽ ?

ഉത്തരം.

(എ) സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

(ബി) നിശ്ചിതസമയത്തിനുള്ളിൽ പൂർത്തിയാവാത്ത പണികൾ പൂർത്തിയാക്കുന്നതിനു് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടു്.

(സി) 1956 മാർച്ചുമാസത്തിൽ.

(ഡി) ഇല്ല.

(ഇ) ഈ ചോദ്യം ഉദിക്കുന്നില്ല.

ഇലക്ട്രിസിറ്റി റവന്യൂ.

340. [55] ശ്രീ. എ. സി. ചാക്കോ : താഴെകാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ ഇലക്ട്രിസിറ്റി സബ്ഡിവിഷനിൽ പ്രതിമാസം എത്ര റവന്യൂ ഈടാക്കുന്നുണ്ടു് ;

(ബി) അതിൽ തൊടുപുഴ സെക്ഷനിൽനിന്നും പ്രതിമാസം എത്ര റവന്യൂ ഈടാക്കുന്നുണ്ടു് ;

(സി) ഇതിനകം തൊടുപുഴ താലൂക്കിൽ എത്ര വില്ലേജുകളിൽ ഇലക്ട്രിസിറ്റി വിതരണം നടത്തിയിട്ടുണ്ടു് ;

(ഡി) വഴിത്തലയ്ക്കു് ഏക്സ്റ്റൻഷൻ എന്നു് അനുവദിച്ചു; പണി എത്രമാത്രം പുരോഗമിച്ചിട്ടുണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly